# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഏപ്രിൽ 5**

---

## എം.ജിയിൽ വേനൽക്കാല ക്യാമ്പ്

മാഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (ഉഅടജ) സർവകലാശാലാ ക്യമ്പസിൽ 15 ദിവസത്തെ വേനൽക്കാല ക്യാമ്പ് നടത്തുന്നു.

കുതിര സവാരി, പ്രഥമ ശുശ്രുഷ, സംഗീതം, നൃത്തം, കല, കരകൗശല വസ്തു നിർമാണം, റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ചെടികളെ മനസിലാക്കുക, ജൈവ കൃഷിയുടെ അടിസ്ഥാന പാഠം, വ്യക്തിത്വ വികസനം എന്നിവയിൽ പരിശീലനം നൽകും. പ്രകൃതി പഠന യാത്രയും സംഘടിപ്പിച്ചിട്ടുണ്ട്.

12 മുതൽ 18 വര പ്രായമുള്ള വിദ്യാർഥികൾക്ക് പങ്കെടുക്കാം. ഏപ്രിൽ 18-ന് ക്യാമ്പ് ആരംഭിക്കും. ഫോൺ: 9496212312

(പി.ആർ.ഒ/39/386/2023)

## താത്കാലിക അധ്യാപക നിയമനം; അഭിമുഖം മെയ് 24 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ 20 പഠന വകുപ്പുകളിൽ ഗസ്റ്റ് / കരാർ ഫാക്കൽറ്റി നിയമനത്തിനുള്ള വാക് ഇൻ ഇന്റർവ്യൂ ഏപ്രിൽ 24 മുതൽ മെയ് മൂന്നു വരെ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ നടക്കും.

ഒരു അക്കാദമിക വർഷത്തേക്ക് കരാർ വ്യവസ്ഥയിലാണ് നിയമനം. വർഷാന്ത്യ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സേവനം രണ്ടു വർഷത്തേക്കു കൂടി ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്.

യു.ജി.സി ചട്ടങ്ങൾപ്രകാരം യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്. കോളജുകളിൽനിന്നും സർവകലാശാലകളിൽനിന്നും വിരമിച്ചവരെയും പരിഗണിക്കും. പ്രായപരിധി 2023 ജനുവരി ഒന്നിന് 70 വയസിൽ കവിയരുത്.

വിശദ വിവരങ്ങളും അഭിമുഖത്തിന്റെ തീയതികളും സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/387/2023)

## <u>പ്രാക്ടിക്കൽ</u>

ഒന്നാം സെമസ്റ്റർ ബി.വോക് റിന്യൂവബിൾ എനർജി മാനേജ്മെൻറ്, റിന്യൂവബിൾ എനർജി ടെക്നോളജി ആൻറ് മാനേജ്മെൻറ് (ന്യൂ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ റീ-അപ്പിയറൻസും ഇംപ്രൂവ്മെൻറും, 2019, 2018 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - ഫെബ്രുവരി 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഈ മാസം 10 മുതൽ ആലുവ ശ്രീ ശങ്കര കോളജിൽ നടത്തും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

……………………..

മൂന്നാം സെമസ്റ്റർ എം.എസ്.സി ബയോ കെമിസ്ട്രി (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷൻ സപ്ലിമെൻററി - മാർച്ച് 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഈ മാസം 11 മുതൽ അതത് കോളജുകളിൽ നടത്തും.

……………………..

2023 മാർച്ചിൽ വിജ്ഞാപനം പുറപ്പെടുവിച്ച ആറാം സെമസ്റ്റർ ബി.എ മൾട്ടിമീഡിയ, ബി.എ വിഷ്വൽ കമ്മ്യൂണിക്കേഷൻ, ബി.എ ഓഡിയോളജി ആൻറ് ഡിജിറ്റൽ എഡിറ്റിംഗ് (സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2017, 2018, 2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഈ മാസം 10 മുതൽ നടത്തും.

……………………..

ആറാം സെമസ്റ്റർ ബി.എസ്.സി ഇൻഫർമേഷൻ ടെക്നോളജി (സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2019, 2018, 2017 അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച് 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 17 മുതൽ നടത്തും.

(പി.ആർ.ഒ/39/388/2023)

## പരീക്ഷാ ഫലം

2022 ജൂലൈയിൽ നടന്ന അവസാന വർഷ ബാച്ച്ലർ ഓഫ് ഫാർമസി(ഓൾഡ് സ്കീം - 2014, 2015 അഡ്മിഷനുകൾ സപ്ലിമെൻററി , 2011 മുതൽ 2013 വരെ അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്, 2003 മുതൽ 2010 വരെ അഡ്മിഷനുകൾ സെക്കൻറ് മെഴ്സി ചാൻസ്) ബിരുദ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 18 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

......................

രണ്ടാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ് (ന്യു സ്കീം - 2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - ഒക്ടോബർ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/389/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**